**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 157** **01-09-2022 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളിലെ സേവന ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും സേവന ഗുണനിലവാരം മെച്ചപ്പെടുത്തൽ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലെയും സേവന ഗുണനിലവാരം മെച്ചപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പൈലറ്റ് പ്രൊജക്ട് എന്ന നിലയൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതികൾ മറ്റ സർക്കാർ മെഡിക്കൽ കോളേജുകളിലേയ്ക്കും വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | മെഡിക്കൽ കോളേജുകളിലെ അത്യാഹിത ചികിത്സാ സംവിധാനങ്ങൾ കുറ്റമറ്റതാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിൽ മികച്ച ചികിത്സ സംവിധാനങ്ങളാണ് അത്യാഹിത വിഭാഗത്തിൽ നൽകി വരുന്നത്. എങ്കിലും കൂടുതൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം അത്യാഹിത വിഭാഗത്തിൽ ലഭ്യമാക്കുകയും ഒപ്പം പരമാവധി വേഗത്തിൽ രോഗികൾക്ക് ചികിത്സ കിട്ടുന്നതിനും രോഗീസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | സർക്കാർ മെഡിക്കൽ കോളേജുകളിൽ ട്രോമ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (സി) | തിരുവനന്തപുരം, കോട്ടയം സർക്കാർ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ സംവിധാനം പൂർണ്ണതോതിൽ പ്രവർത്തിക്കുന്നുണ്ട് .<br><br>ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ എമർജൻസി മെഡിക്കൽ സർവ്വീസ് (കാഷ്വാലിറ്റി) നിലവിലുണ്ട്. പുതിയ ബ്ലോക്കിലേക്ക് മാറുമ്പോൾ ട്രോമാകെയർ സംവിധാനം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ, നിലവിൽ ആരോഗ്യ വകുപ്പിന് കീഴിൽ |

പ്രവർത്തിക്കുന്ന ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം നിലവിലുണ്ട്.

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ കാഷ്വാലിറ്റിയിൽ എത്തുന്ന ട്രോമ കേസുകൾക്ക് ആവശ്യമായ ചികിത്സ എമർജൻസി മെഡിസിൻ ഡിപ്പാർട്ടുമെന്റ് നൽകി വരുന്നുണ്ട്.

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ കാഷ്വാലിറ്റി വഴിയുള്ള ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 26/06/2022 തീയതിയിലെ സ.ഉ(സാധാ)നം. 1519/2022/ ആ.കു.വ. ഉത്തരവ് പ്രകാരം മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന് 20 ലക്ഷം രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ വാങ്ങിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ ട്രോമാകെയർ സംവിധാനം ഒരുക്കുന്നതിനായി 8 കോടി രൂപയുടെ അനുമതി നൽകുകയും പ്രസ്തുത തുക PWD Building Division ലേയ്ക്ക് നിക്ഷേപിക്കുകയും ചെയ്തിട്ടുള്ളതാണ്. ട്രോമാകെയർ സംവിധാനത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ Revised Architectural Drawing നുവേണ്ടി PWD യുടെ Architectural wing ൽ Project plan സമർപ്പിച്ചിട്ടുണ്ട്.

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗത്തിൽ നിലവിൽ ട്രോമാകെയർ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ നടന്നു വരുന്ന ട്രയാജ് & ട്രോമാകെയർ കെട്ടിടത്തിന്റെ പ്രവർത്തികൾ പൂർത്തിയാകുന്നതോടെ ട്രോമാകെയർ വിപുലമായ രീതിയിൽ പ്രവർത്തിക്കാൻ കഴിയുന്നതാണ്.

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ കേന്ദ്ര സഹായത്തോട് കൂടിയുള്ള 3.62 കോടി രൂപ ചെലവിൽ നിർമ്മിച്ച സെൻട്രൽ ട്രോമാ കെയർ യൂണിറ്റ് നിലവിലുള്ള മെഡിക്കൽ കോളേജ് ആശുപത്രിക്കുള്ളിൽ തന്നെ പ്രവർത്തിച്ച വരുന്നു. ഇതിന്റെ ട്രയാജ്, ഐ.സി.യു, ഓപ്പറേഷൻ തീയേറ്റർ എന്നിവ പ്രവർത്തിച്ച വരുന്നു. ട്രോമാകെയർ യൂണിറ്റിന്റെ പ്രയോജനം രോഗികൾക്ക് ലഭിച്ചുവരുന്നു. സംസ്ഥാന സർക്കാർ പുതിയ ട്രോമാകെയർ ബ്ലോക്കിനായി 29,47,27,454 രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിലാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. അഞ്ച് നിലകളിലായി നിർമ്മാണം പൂർത്തീകരിക്കുന്നതിന്

| | | | |
|---|---|---|---|
| | | | **പ്രൊപ്പോസൽ സമർപ്പിക്കുകയും നിലവിൽ മൂന്ന് നിലകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയുമാണ്.**<br><br>**കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ കിഫ്ബിയിലുൾപ്പെടുത്തി പുതിയ എമർജൻസി ട്രോമാ കെയർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ഡി) | മെഡിക്കൽ കോളേജുകളിലെ രോഗികൾക്ക് വേഗത്തിൽ വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിന് അത്യാഹിത വിഭാഗത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനമൊരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | **തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗങ്ങളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി വരുന്നുണ്ട്. മറ്റ് മെഡിക്കൽ കോളേജുകളിൽ സൂപ്പർസ്പെഷ്യാലിറ്റി സേവനങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.** |

സെക്ഷൻ ഓഫീസർ